# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 24<br>September 24 | 2019 |
|---|---|

***1193 കന്നി* 8 ചൊവ്വ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**കേക്ക് നിർമാണ പരിശീലനം**

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന വിവിധതരം കേക്കുകളുടെ നിർമാണ പരിശീലനത്തിന് അപേക്ഷിക്കാം. താത്പര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം.

(പിഎൻപി 2628/19)

**കാഷ്വൽ സ്വീപ്പർ അഭിമുഖം മാറ്റിവച്ചു**

ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ഇന്ന് (25) നടത്താനിരുന്ന കാഷ്വൽ സ്വീപ്പർ തസ്തികയി ലേക്കുള്ള അഭിമുഖം മാറ്റിവച്ചതായി ജില്ലാ ഭാഗ്യക്കുറി ഓഫീസർ അറിയിച്ചു.

(പിഎൻപി 2629/19)

**വന്യജീവിവാരാഘോഷം 2019 :വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ**

ഒക്ടോബർ രണ്ട് മുതൽ എട്ട് വരെ ആഘോഷിക്കുന്ന ഈ വർഷത്തെ വന്യജീവിവാര ത്തോടനുബന്ധിച്ച് വന്യജീവിസംരക്ഷണ സന്ദേശം പ്രചരിപ്പിക്കുന്നതിനും അവയെകുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും സ്കൂൾ–കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് വിവിധ മത്സരങ്ങൾ നടത്തും. ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിലായി ജില്ലാതല മത്സരങ്ങളും, എട്ടിന് സംസ്ഥാനതല മത്സരങ്ങളും നടത്തും. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർകളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളജ് വിദ്യാർഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർശളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും മത്സരങ്ങൾ നടത്തും.

എല്ലാ സർക്കാർ/എയിഡഡ്/അംഗീകൃത/സ്വാശ്രയ സ്കൂളുകളിലെയും കോളജുകളിലെയും വിദ്യാർഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. പ്ലസ് വൺ തലം മുതൽ മുകളിലോട്ടുള്ളവർക്ക് കോളജ് വിഭാഗത്തിൽ മത്സരിക്കാം. പ്രൊഫഷണൽ കോളജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. രണ്ട് പേരടങ്ങുന്ന ഒരു ടീം ആയിരിക്കണം ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മറ്റ് മത്സരങ്ങൾക്ക് രണ്ട് പേർക്ക് വരെ ഓരോ സ്ഥാപനത്തെ പ്രതിനിധീകരിച്ച് ഒരോ മത്സരയിനത്തിലും പങ്കെടുക്കാം. പ്രസംഗമത്സരവും ഉപന്യാസമത്സരവും മലയാള ഭാഷയിലായിരിക്കും സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഓരോ മത്സരയിനത്തിലെയും ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും പുറമെ റോളിംഗ് ട്രോഫിയും ലഭിക്കും. സംസ്ഥാനത ലമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും ഭക്ഷണവും താമസസൗകര്യവും, സ്ലീപ്പർ ക്ലാസ് യാത്രാ ചെലവും നൽകും. (പിഎൻപി 2630/19)

## കോന്നിയിൽ പുതിയ വോട്ടർമാർ 1619 പേർ

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കോന്നി നിയോജകമണ്ഡലത്തിൽ പുതിയ കണക്കുകൾ പ്രകാരം 1,96,324 വോട്ടർമാർ. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോന്നി നിയോജക മണ്ഡലത്തിലുണ്ടായവരെക്കാൾ 1619 വോട്ടർമാരുടെ വർധന. സ്ത്രീ വോട്ടർമാരാണ് മണ്ഡലത്തിൽ കൂടുതൽ. 1,08,509 സ്ത്രീകളും 92,773 പുരുഷന്മാരും ഒരു ട്രാൻസ്ജന്ററുമാണ് മണ്ഡലത്തിലുള്ളത്. മണ്ഡലത്തിലാദ്യമായാണ് ഒരു ട്രാൻസ്ജന്റർ വോട്ട് ചെയ്യാൻ പോകുന്നത്.

2019-ൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ കോന്നിയിൽ 1,94,705 വോട്ടർമാരാണുണ്ടായിരുന്നത്. 1,02,673 സ്ത്രീകളും 92,032 പുരുഷന്മാരും. ആകെ വോട്ടർമാരിൽ 67216 (73.04 ശതമാനം)പുരുഷന്മാരും, 77332 (75.32 ശതമാനം) സ്ത്രീകളും സമ്മതിദാനാവകാശം രേഖപ്പെടുത്തി. 74.24 ശതമാനം പോളിംഗാണ് കോന്നി നിയോജക മണ്ഡലത്തിൽ രേഖപ്പെടുത്തിയത്.

## 2016 ൽ 1,94,721 വോട്ടർമാർ

2016 നിയമസഭാ തെരഞ്ഞെടുപ്പിൽ കോന്നി നിയോജക മണ്ഡലത്തിൽ ആകെ രേഖപ്പെടുത്തിയത് 73.19 ശതമാനം വോട്ട്. ആകെ 1,94,721 വോട്ടർമാരിൽ 1,42,526 പേരാണ് മണ്ഡലത്തിൽ വോട്ട് ചെയ്തത്. ആകെ വോട്ടർമാരിൽ 91385 പുരുഷന്മാരും 103336 സ്ത്രീകളുമാണുണ്ടായിരുന്നത്. ഇതിൽ 65843(72.05 ശതമാനം) പുരുഷന്മാരും 76683(74.21 ശതമാനം) സ്ത്രീകളുമാണ് വോട്ട് ചെയ്തത്. 1965 രൂപീകൃതമായ കോന്നി മണ്ഡലത്തിൽ 212 ബൂത്തുകളാണുള്ളത്.

## വോട്ട് ഉണ്ടോയെന്ന് പരിശോധിക്കാം

നാഷണൽ വോട്ടേഴ്സ് സർവീസ് പോർട്ടൽ എന്ന വെബ്സൈറ്റിലൂടെ (www.nvsp.in) കോന്നി മണ്ഡലത്തിലെ വോട്ടർമാർക്ക് വോട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയും. സെപ്തംബർ 20 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷിച്ചവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്.

(പിഎൻപി 2642/19)

## നോർക്ക കോഴ്സ് ഇന്ന് (25) ആരംഭിക്കും

ചെന്നീർക്കര ഐടിഐയിൽ 2019-20 വർഷത്തെ നോർക്ക കോഴ്സുകളുടെ

ക്ലാസുകള്‍ ഇന്ന് (25) ആരംഭിക്കും. രജിസ്റ്റര്‍ ചെയ്ത വിദ്യാര്‍ഥികള്‍ ക്ലാസിന് ഹാജരാകണമെന്ന് പ്രിന്‍സിപ്പാള്‍ അറിയിച്ചു. (പിഎന്‍പി 2643/19)

## നിയമസഭാ സമിതിയോഗം റദ്ദ് ചെയ്തു

സംസ്ഥാന നിയമസഭയുടെ പിന്നാക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതി നാളെ (26) രാവിലെ 10.30ന് കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേരുന്നതിന് നിശ്ചയിച്ചിരുന്ന യോഗം റദ്ദ് ചെയ്തു. (പിഎന്‍പി 2644/19)

## ജില്ലയില്‍ ഇന്ന് (25) മഞ്ഞ അലേര്‍ട്ട്

ജില്ലയില്‍ ഇന്ന് (25) മഞ്ഞ അലേര്‍ട്ട് പ്രഖ്യാപിച്ചു. കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ ഏറ്റവും പുതിയ മുന്നറിയിപ്പ് പ്രകാരം പടിഞ്ഞാറന്‍ ബംഗാള്‍ ഉള്‍ക്കടലില്‍ ആന്ധ്രപ്രദേശ് തീരത്തിനടുത്തായി രൂപം കൊണ്ടുകൊണ്ടിരിക്കുന്ന ന്യൂനമര്‍ദത്തിന്റെ പ്രഭാവം കാരണം കേരളത്തില്‍ വിവിധയിടങ്ങളില്‍ അടുത്ത ദിവസങ്ങളില്‍ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ജില്ലയിലെ ദുരന്ത സാധ്യത ലഘൂകരണത്തിനായി ജില്ലാ കളക്ടര്‍ പി.ബി നൂഹ് പൊതുജനങ്ങള്‍ക്കായി മാര്‍ഗനിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിച്ചു.

ഉരുള്‍പൊട്ടല്‍ സാധ്യത ഉള്ളതിനാല്‍ രാത്രി സമയത്ത് മലയോര മേഖലയിലേക്കുള്ള യാത്ര പരമാവധി ഒഴിവാക്കണം. മലയോര മേഖലയിലും ബീച്ചുകളിലും വിനോദ സഞ്ചാരത്തിന് പോകരുത്. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വിവരങ്ങള്‍ ഒരു കാരണവശാലും പ്രചരിപ്പിക്കരുത്. പുഴകളിലും തോടുകളിലും ജലനിരപ്പ് ഉയരുവാന്‍ സാധ്യതയുള്ളതിനാല്‍ ഒരു കാരണവശാലും തോടുകളും പുഴയും മുറിച്ചു കടക്കരുത്. പാലങ്ങളിലും, നദിക്കരയിലും മറ്റും കയറി സെല്‍ഫി എടുക്കല്‍ ഒഴിവാക്കുക. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും മഴയത്ത് ഇറങ്ങാതിരിക്കണം. പ്രത്യേകിച്ച് കുട്ടികള്‍ ഇറങ്ങുന്നില്ല എന്ന് മുതിര്‍ന്നവര്‍ ഉറപ്പുവരുത്തണം. നദിയില്‍ കുളിക്കുന്നതും തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കുക.

മഞ്ഞ അലേര്‍ട്ട് പ്രഖ്യാപിച്ച വേളയില്‍ വരും ദിവസങ്ങളിലെ മഴ സംബന്ധിച്ച അലേര്‍ട്ടുകള്‍ മാധ്യമങ്ങളില്‍ ശ്രദ്ധയോടെ നിരീക്ഷിക്കുക. കൃത്യമായ അറിയിപ്പുകള്‍ ലഭിക്കുന്നതിനായി ദൃശ്യ ശ്രവ്യ മാധ്യമങ്ങളോ മുഖ്യമന്ത്രിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ കളക്ടറുടെയും ഫേസ്ബുക്ക് പേജുകള്‍ ശ്രദ്ധിക്കുക.

## കണ്‍ട്രോള്‍ റൂമുകള്‍ 24 മണിക്കൂറും

ജില്ലയില്‍ കളക്ടറേറ്റിലും എല്ലാ താലൂക്കാഫീസുകളിലും 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന കണ്‍ട്രോള്‍ റൂമുകള്‍ സജ്ജമാണ്. പൊതുജനങ്ങള്‍ക്ക് താഴെപ്പറയുന്ന ഫോണ്‍ നമ്പരുകളില്‍ ബന്ധപ്പെടാം. കളക്ടറേറ്റ് 0468 2322515/ 0468 2222515/ 8078808915, താലൂക്കാഫീസ് തിരുവല്ല- 0469 2601303, കോഴഞ്ചേരി-0468 2222221, മല്ലപ്പള്ളി -0469 2682293, അടൂര്‍-04734 224826, റാന്നി-04735 227442, കോന്നി-0468 2240087. (പിഎന്‍പി 2645/19)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

സെപ്റ്റംബർ 24

September 24

2019

*1193 കന്നി* 8 ചൊവ്വ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**കോന്നി നിയമസഭാ ഉപതിരഞ്ഞെടുപ്പ്;**
**രണ്ടാം ദിനവും ആരും പത്രിക നൽകിയില്ല**

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ച് രണ്ടാം ദിനവും ആരും പത്രിക സമർപ്പിച്ചില്ല. നാമനിർദേശ പത്രികകൾ ഈ മാസം 30 വരെയാണ് സ്വീകരിക്കുന്നത്. പ്രവർത്തിദിവസങ്ങളിൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെ കളക്ടറേറ്റിൽ വരണാധികാരിയായ എൽ ആർ ഡെപ്യൂട്ടി കളക്ടർ എം.ബി ഗിരീഷ്, ബ്ലോക്ക് പഞ്ചായത്തിൽ ഉപ വരണാധികാരിയായ കോന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സി.പി രാജേഷ്കുമാർ എന്നിവരുടെ മുമ്പാകെ സമർപ്പിക്കാം. (പിഎൻപി 2635/19)

**സപ്ലിമെന്ററി പരീക്ഷ**

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019ന്റെ ആഗസ്റ്റ് ഒമ്പതിന് നടത്താനിരുന്ന സപ്ലി മെന്ററി പരീക്ഷകൾ ഈ മാസം 27ന് നടക്കും. കൂടുതൽ വിവരം അതത് ഐടിഐകളിൽ ലഭിക്കും. (പിഎൻപി 2636/19)

**വോളന്ററി സോഷ്യൽവർക്കർ അഭിമുഖം മാറ്റിവച്ചു**

ജില്ലാ പ്രൊബേഷൻ ഓഫീസ് മുഖേന നടപ്പാക്കുന്ന നേർവഴി പദ്ധതിയിലേക്ക് വോളന്ററി സോഷ്യൽ വർക്കർമാരെ തെരഞ്ഞെടുക്കുന്നതിന് 30ന് കളക്ടറേറ്റിൽ നടത്താനിരുന്ന അഭിമുഖം മാറ്റിവച്ചു. (പിഎൻപി 2637/19)

## സ്കിൽ എക്സ്പോ

അസാപിന്റെ ഭാഗമായി കൊല്ലം കുളക്കട കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഇന്റർനാഷണൽ കമ്പനികളുടെ സഹായത്തോടെ 28ന് സ്കിൽ എക്സ്പോ സംഘടിപ്പിക്കും. ഉദ്യോഗാർഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും പ്രവേശനം നേടുന്നതിനും അവസരമുണ്ട്. ഫോൺ: 7907184387. (പിഎൻപി 2638/19)

## കോന്നി ഉപതെരഞ്ഞെടുപ്പ്; വീഡിയോ ക്വട്ടേഷൻ ക്ഷണിച്ചു

കോന്നി നിയമസഭ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ക്വാഡുകളിൽ വീഡിയോ റിക്കാർഡിംഗ് ചെയ്ത് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി യൂണിറ്റ് ഒന്നിന് (ഒരു വീഡിയോ റിക്കാർഡിംഗ് ക്യാമറ, വീഡിയോഗ്രാഫർ) ദിവസവേതനത്തിന് ക്വട്ടേഷൻ ക്ഷണിച്ചു.

നിബന്ധനകൾ:- മണ്ഡലത്തിൽ വിന്യസിച്ചിട്ടുള്ള സ്ക്വാഡുകളുടെ പ്രവർത്തനം, പ്രധാനപ്പെട്ട മീറ്റിംഗുകൾ, നിയമവിരുദ്ധമായുള്ള പരസ്യങ്ങൾ, കൂടാതെ നോഡൽ ഓഫീസർമാരുടെ നിർദ്ദേശം അനുസരിച്ച് റിക്കാർഡ് ചെയ്യേണ്ട പരിപാടികൾ എന്നിവ വീഡിയോഗ്രാഫി ചെയ്യണം. റിക്കാർഡ് ചെയ്ത എല്ലാ വിശദവിവരങ്ങളും അടങ്ങിയ ഡി.വി.ഡി തൊട്ടടുത്ത ദിവസം രാവിലെ ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസറെ ഏൽപ്പിക്കണം. ഡി.വി.ഡി നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അനുപാതികമായ നഷ്ടപരിഹാരം ഈടാക്കും. ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകും. ക്വട്ടേഷനുകൾ ഈ മാസം 27 ന് ഉച്ചകഴിഞ്ഞ് മൂന്നിനകം പത്തനംതിട്ട ഇലക്ഷൻ വിഭാഗം കാര്യാലയത്തിൽ എത്തിക്കണം. ഫോൺ: 0468 2224256. (പിഎൻപി 2639/19)

## ജില്ലാതല അദാലത്ത് മാറ്റിവെച്ചു

സംസ്ഥാന യുവജന കമ്മീഷൻ ഒക്ടോബർ ഒന്നിന് പത്തനംതിട്ട കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന ജില്ലാതല അദാലത്ത് മാറ്റി വെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. ഫോൺ: 0471-2308630.

(പിഎൻപി 2640/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 24<br>September 24 | 2019 |
|---|---|

*1193 കന്നി* 8 ചൊവ്വ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**കോന്നി ഉപതെരഞ്ഞെടുപ്പ്:**
**പ്രാരംഭഘട്ട തയ്യാറെടുപ്പുകൾ പൂർത്തിയായി: ജില്ലാ കളക്ടർ**

കോന്നി നിയോജക മണ്ഡലം ഉപതെരഞ്ഞെടുപ്പിന്റെ പ്രാരംഭഘട്ട തയ്യാറെടുപ്പുകൾ പൂർത്തിയായതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹ് പറഞ്ഞു. കളക്ടറേറ്റിൽ നടന്ന വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പെരുമാറ്റച്ചട്ടം തെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലത്തിൽ മാത്രമല്ല ജില്ലയ്ക്ക് മുഴുവൻ ബാധകമാണ്.മണ്ഡലത്തിൽ 212 ബൂത്തുകളാണുള്ളത്. 22 പൊളിറ്റിക്കൽ സെൻസിറ്റീവ് ബൂത്തുകളും 4 വൾ നറബിൾ ബൂത്തുകളുമാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനു ായിരുന്നത്. അത്രയും തന്നെ ബൂത്തുകളാണ് ഉപതെരഞ്ഞെടുപ്പിലും പ്രതീക്ഷിക്കുന്നത്.

സെപ്റ്റംബർ 20 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കുവാൻ അപേക്ഷ നൽകിയവരെയാണ് ഇത്തവണ പരിഗണിക്കുക. ഏകദേശം നാലായിരത്തോളം അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചിട്ടുള്ളത്. 2019 എപ്രിലിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കോന്നിയിൽ 1,94,705 വോട്ടർമാരാണു ായിരുന്നത്. 1,02,673 സ്ത്രീകളും 92,032 പുരുഷന്മാരും.1,96,324 വോട്ടർമാരാണ് ഒടുവിലത്തെ കണക്ക് പ്രകാരം കോന്നിയിലുള്ളത്. സ്ത്രീ വോട്ടർമാരാണ് മണ്ഡലത്തിൽ കൂടുതൽ. 1,08,509

സ്ത്രീകളും 92,773 പുരുഷന്മാരും ഒരു ട്രാൻസ്ജന്ററുമാണ് മണ്ഡലത്തിലുള്ളത്.

ആദ്യഘട്ട പരിശോധന കഴിഞ്ഞ 430 ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകളുടേയും വിവി പാറ്റുകളുടേയും മോക്ക്പോൾ പൂർത്തിയായെന്നും അടുത്ത ഘട്ടമായി അവയുടെ ഒന്നാം ഘട്ട, ര ാം ഘട്ട റാന്റമൈസേഷനും ഉദ്യോഗസ്ഥരുടെ മൂന്നു ഘട്ട റാന്റമൈസേഷനും നടക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

നാമനിർദ്ദേശ പത്രികാ സമർപ്പിക്കുവാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. ഒക്ടോബർ ഒന്നി് സൂക്ഷ്മപരിശോധന നടക്കും. നാമനിർദ്ദേശ പത്രിക പിൻവലിക്കുവാനുള്ള അവസാന തീയതി ഒക്ടോബർ 3 ആണ്. 21 ന് തിരഞ്ഞെടുപ്പും 24 ന് വോട്ടെണ്ണലും നടക്കും.ഹരിത തെരഞ്ഞെടുപ്പ് ചട്ടങ്ങൾ എല്ലാവരും പാലിക്കുവാൻ സഹകരിക്കണമെന്നും രാഷ്ട്രീയ പാർട്ടി പ്രതിനിധികളോട് കളക്ടർ പറഞ്ഞു.

കോന്നി നിയോജക മണ്ഡലം വരണാധികാരിയും എൽ.ആർ ഡെപ്യൂട്ടി കളക്ടറുമായ എം.ബി ഗിരീഷ്, ഉപ വരണാധികാരിയും കോന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുമായ സി.പി രാജേഷ് കുമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. (പിഎൻപി 2641/19)

***ഫോട്ടോ അടിക്കുറിപ്പ്: മീറ്റിംഗ്:-***

കോന്നി നിയോജക മണ്ഡലം ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കളക്ടറേറ്റിൽ ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ നടന്ന വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം.

## കോന്നി ഉപതെരഞ്ഞെടുപ്പ്: നോഡൽ ഓഫീസർമാരെ നിയോഗിച്ചു

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി വരണാധികാരിയെ സഹായിക്കുന്നതിനും വിവിധ പ്രവർത്തികളെ ഏകോപിപ്പിക്കുന്നതിനും നോഡൽ ഓഫീസർമാരെ നിയോഗിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹാണ് 14 നോഡൽ ഓഫീസർമാരെ നിയോഗിച്ചത്. വിവിധ നോഡൽ ഓഫീസർമാരും ഫോൺ നമ്പറുകളും ചുവടെ.

സജി എഫ് മെൻഡിസ്(എഡിഎം)-എംസിസി ആന്റ് സി വിജിൽ നോഡൽ ഓഫീസർ-9446504515, അന്നമ്മ കെ ജോളി(സീനിയർ സുപ്ര ്)-മാൻപവർ മാനേജ്മെന്റ് നോഡൽ ഓഫീസർ-8547154350, ജോൺ വർഗീസ്(സീനിയർ സുപ്ര ്)-ഇവിഎം മാനേജ്മെന്റ് നോഡൽ ഓഫീസർ-9447212002, സന്തോഷ്കുമാർ(ജോയിന്റ് ആർടിഒ)-ട്രാൻസ്പോർട്ട് മാനേജ്മെന്റ് നോഡൽ ഓഫീസർ-8281786062, ടി.ജി ഗോപകുമാർ(തഹസിൽദാർ(എൽഎ-ജനറൽ)-ട്രെയിനിംഗ് മാനേജ്മെന്റ് നോഡൽ ഓഫീസർ-9447256596, എം.എ ഷാജി-(തഹസിൽദാർ(ആർ ആർ)-മെറ്റീരിയൽ മാനേജ്മെന്റ് നോഡൽ ഓഫീസർ-9447212217, സി.രാധാകൃഷ്ണൻ(ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ)-ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ-8547931565, ഗീതാകുമാരി(ഫിനാൻസ് ഓഫീസർ)-എക്സ്പെൻഡിച്ചർ മാനേജ്മെന്റ് നോഡൽ ഓഫീസർ-9207474990, ശ്രീകുമാർ(തഹസിൽദാർ-എൽആർ )-ഒബ്സർവർസ് നോഡൽ ഓഫീസർ- 8547611301), സജി എഫ് മെൻഡിസ്(എഡിഎം)-ലോ ആന്റ് ഓർഡർ, എംസിസി ആന്റ് സ്കോഡ് നോഡൽ ഓഫീസർ-9446504515, സി.മണിലാൽ(ജില്ലാ ഇൻഫർമേഷൻ ഓഫീസർ)-മീഡിയ നോഡൽ ഓ

ഫീസർ– 9446317775, ആലീസ് ആഡ്രൂസ് കോട്ടാരി(അഡി.ഡിസ്ട്രിക് ഇൻഫർമാറ്റിക് ഓഫീസർ)–കമ്പ്യൂട്ടറൈസേഷൻ, ഐസിടി ആപ്ലിക്കേഷൻ നോഡൽ ഓഫീസർ–9447593717, ആർ.രാജലക്ഷ്മി(സ്പെഷൽ തഹസിൽദാർ)–ഹെൽപ്‌ലൈൻ ആന്റ് കംപ്ലെയിന്റ്സ് റിഡ്രെസൽ, പബ്ലിക് കമ്മ്യൂണിക്കേഷൻ കോൺടാക്ട് ഓഫീസർ–9447562141, എ.സന്തോഷ്കുമാർ(ഡിവൈഎസ്പി)–സൈബർ സെക്യൂരിട്ടി നോഡൽ ഓഫീസർ–9497990031.

.

(പിഎൻപി 2642/19)




